# ദുഃഖശനിയാഴ്ച പ്രഭാതം

**ഹാശായുടെ കൗമാ**

കബറാൽ കബറിൻ നാശം നീക്കിയ മ്ശീഹാ!
മൃതിയെ ജീവിപ്പിച്ചുയിരേറ്റുക മൃതരെ. (മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം താതനും
മഹിമാ, വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാ-ഉൾകൃപ പാപികളാം ഞങ്ങളിലും
മേലാ-മൂറിശിലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാ-സനമണയണ മീ പ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ! സ്തോത്രം, കർത്താവേ!
നിത്യം ശരണവുമേ സ്തോത്രം; ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... ഇത്യാദി
ദൈവമേ! നിന്റെ കൃപയിൻപ്രകാരം

**പ്രാരംഭപ്രാർത്ഥന**

## എന്യോനൊ

**(ഹൗദഹവൊ ബൂഖറൊ എന്ന രീതി)**

മൃതരിടയിൽ പോയികൂടിക്കൊണ്ടോൻ
സാക്ഷാലുയിരാകുന്നോനാം
ദേവാ! ദയ ചെയ്തീടണമെ

ഹിതമോടെ മരണം കൊണ്ടവനെ!
മൃതർ തൻ ജീവൻ ദായകനെ! ദേവാ.....

മൃതിചേർന്നെ-ങ്ങൾക്കുയിർ തന്നോൻ
മൃതിചേരാജീവൻ നിധിയേ ദേവാ....

കുറ്റപ്പെ-ട്ടോനാദാം പേർക്കായ്
മൃതരിൽ ചേർക്കപ്പെട്ടവനെ!
ബാറെക്മോർ.. ശുബ്ഹൊ... മെൻഓലം...

മൂന്നുദിനം-ഞങ്ങ-ടെ രക്ഷയ്ക്കായ്
കല്ലറയു-ള്ളിൽ പാർത്തവനെ! ദേവാ....

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു...

## എന്യോനൊ
### (ഹൗദ് ഉഹദോനോ..... എന്ന രീതി)

മ്ശിഹാ! പരനെ! പുനരുത്ഥാനം
പാതാളനിവാസികളോടായ്
കാരുണ്യാഘോഷിച്ചവനെ
സന്നിധി ചേർന്നേൻ കൃപ ചെയ്യണമെ

മൃതിയാൽ മൃതരെ- ജീവിപ്പിച്ചും
കുഴിയിൽ കുടികൈക്കൊണ്ടോരോടായ്
രക്ഷാദൂതറിയിച്ചവനെ
സന്നിധി ചേർന്നേൻ കൃപ ചെയ്യണമെ

തന്നാഗമനം - കബറിലറിഞ്ഞും
മോദമോടവനെയെതിരേല്പാൻ
കാംക്ഷിച്ചവനായി സ്തുതിപാടി
സന്നിധി ചേർന്നേൻ കൃപ ചെയ്യണമെ

പാതാളേപോയ്- വിശ്വാസികളാം
ആത്മാക്കളെയറിവാം കാന്തി-
യതിനാൽ ശോഭിപ്പിച്ചവനേ!
സന്നിധി ചേർന്നേൻ കൃപ ചെയ്യണമെ
ബാറെക്മോർ. ശുബ്ഹൊ...

മൃതിതൻ ഗേഹേ- ചെന്നെങ്ങളുടെ
വംശത്തേകണ്ടിട്ടതിനാ-
ലുയിരേറ്റിയ ദേവസുതാ!
സന്നിധി ചേർന്നേൻ കൃപ ചെയ്യണമെ. കുറിയേ....

**ആകാശങ്ങൾ ദൈവത്തിന്റെ**

## എന്യോനൊ
### (ബക്യോംഫേദ്മൽക്കൊ മ്ശീഹാ! എന്ന രീതി)

മൃതരിൽ ജീവൻ ചേർപ്പാനും കെണിയെൻ മൃതിയേ നീക്കാനും
ക്ഷീണന്മാർ വിശ്രമിപ്പാനും ദൈവസൂതൻ മൃതി കൈക്കൊണ്ടു
താനേകൻ മാത്രം താൻ സ്തുത്യൻ ശ്രേഷ്ഠൻ രാജാവും

ആദാമ്യർക്കുയിരതു നൽകി മൃതിയതിലവരെ താഴ്ത്തിയതാം
ഭൂമിയിൽനിന്നും കോരീടാൻ- മൃതരുടെ കുഴിയിൽ വന്നിറങ്ങി
താനേകൻ മാത്രം താൻ സ്തുത്യൻ ശ്രേഷ്ഠൻ രാജാവും

അവരുടെ പക്കൽ മശിഹാപോയ് - കല്ലറവാസികളിൽ ചേർന്നും
ഉയിരിവിടെ വിത ചെയ്തതിനാൽ മൃതരിന്നാനന്ദം കൊണ്ടു
താനേകൻ മാത്രം താൻ സ്തുത്യൻ ശ്രേഷ്ഠൻ രാജാവും

കാരുണയാമൃതർ തൻ ചാരെ - ഉയിരിൽ ദാതാവാഗതനയ്
പാതാളത്തിൻ ഗുഹ തന്നിൽ- ഉയിരിൻപനിനീരുംതൂകി
താനേകൻ മാത്രം താൻ സ്തുത്യൻ ശ്രേഷ്ഠൻ രാജാവും

ബാറെക്മോർ. **ശൂബ്ഹൊ..മെൻഓലം...**

ദേഹികളെല്ലാം പാതാളേ-കണ്ടിന്നൊരു മഹതാദിപ്തി
മൃതിതൻ പാശമഴിഞ്ഞതിനാൽ-സ്തുതിയും സ്തോത്രവും കീർത്തിച്ചാർ
താനേകൻ മാത്രം താൻ സ്തുത്യൻ ശ്രേഷ്ഠൻ രാജാവും

**കർത്താവിന് ഒരു പുതിയ പാട്ടും**

## എന്യോനൊ

**(ദൈവമുയിർത്തു മഹത്ത്വത്തോടാദാമിനെയും എന്ന രീതി)**

നശ്വരമിരുളിൽ മൃതി പൂണ്ടൊരു തൻ രൂപിയുമാദാം
തന്നെ സർവേശൻ കണ്ടു
സദയം വന്നിഹ നാശത്തിനും കബറിൽനിന്നും-
അൻപോടവനെ രക്ഷിച്ചു.

വന്നാരാദ്യം തലയാമാദാം സുകൃതൻശേഥും
ആനോശും സാത്വികനോഹും
നിർമ്മല ശേമും ധന്യൻ അബറാം ഇസഹാക്ക്
യാക്കോബ്-വന്ദിച്ചാർ സുതനെ കബറിൽ

പുനരുത്ഥാനേ വാനോരൊപ്പം ശിഷ്യരുമായി-
ട്ടെങ്ങളെ മോദിപ്പാറാക്കി
മഹതാം താവകവരവിൻ നാളതുനോക്കിപ്പാർത്തും
നിൻ സ്തുതി പാടാറാകണമെ.

ബാറെക്മോർ. ശുബ്ഹൊ... മെൻഓലം

ആദ്യം മരണമതേറ്റോൻ കൊലയിൽ പ്രഥമൻ
ഹാബേൽ- ആമോദിക്കുന്നീ ദിവസം
ഉയിരിൻദാദാവിനൂടെ പക്കൽ കുഴിയിൽവന്ന്-
ജീവപ്പനിനീർ തൂകുകയാൽ കുറിയേലായിസോൻ

## മസ്മൂർ 88

**എന്റെ രക്ഷയുടെ നാഥനായിരിക്കുന്ന ദൈവമേ! രാവും പകലും ഞാൻ നിന്റെ മുമ്പിൽ നിലവിളിച്ചു.**
**(ഹോനോ യൗമ്മോ... എന്ന രീതി)**

ഇന്നേ ദിവസം - വീരൻപോൽ ചൊന്നാൻ കർത്തൻ പാതാളത്തിൽ
ഗർജ്ജിച്ചും -മൂലമിളക്കി- മരണം ഞെട്ടി.
കുറിയേലായിസോൻ

**എന്തുകൊണ്ടെന്നാൽ എന്റെ ആത്മാവ് തിന്മകൾ കൊണ്ട് മതി വന്നു. എന്റെ ജീവൻ പാതാളത്തിൽ ചേർന്നു.**

ഇന്നേ -ദിവസം തൻ സൂതജാതൻ തന്നരികിൽ -മൃതർതൻ ഗേഹേ
ചാഞ്ഞുകിടന്നോനാമാദം മോദിച്ചാർത്തു.
കുറിയേലായിസോൻ

**കുഴിയിൽ ഇറങ്ങുന്നവരോടു കൂടി ഞാൻ ഗണിക്കപ്പെട്ടു. ഞാൻ നിസഹായിയേപ്പോലെയുമായി**

ഇന്നേദിവസം- വധിതരിലാദ്യജനാം ഹാബേൽ ചൊന്നുച്ചത്തിൽ
ഉയിരേകും വിധിതൻ ദേവാ! സ്വാഗതമങ്ങ്
കുറിയേലായിസോൻ

**സ്വതന്ത്രൻ ഉറങ്ങിയിരുന്ന മരിച്ചവരുടെ ഇടയിൽ കിടന്നു.**

ഇന്നേദിവസം മൃതരോടു ചേർന്ന സ്വതന്ത്രൻ ആദാമുടയോൻ
അസ്ഥികളിതു ബോധിച്ചിവിടെ കുതുകം പൂണ്ടു
കുറിയേലായിസോൻ

**അവനെ നീ വീണ്ടും ഓർത്തില്ല. അവർ നിന്റെ തൃക്കയ്യിൽ നിന്നും നഷ്ടപ്പെട്ടു.**

ഇന്നേ ദിവസം- മൃതരിടയിൽ ചെന്നു കിടന്നാൻ മരണവിനാശൻ
മൃതിപാതാളം കണ്ടവനെ- ഓടിയൊളിച്ചു. കുറിയേലായിസോൻ

**ആഴക്കുഴിയിൽ അന്ധകാരിത്തിലേക്കും മരണനിഴലിലേക്കും നീ എന്നെ താഴ്ത്തി നിന്റെ കോപം എന്റെ മേൽ ചാരി.**

ഇന്നേദിവസം- മൃതി ചേർന്നോർക്കത്ഭുതമുളവായ് പാതാളത്തിൽ
ജീവദനാഗതനായവരെ - സന്ദർശിച്ചാൻ.

കുറിയേലായിസോൻ

**എന്റെ പരിചിതരെ എന്റെ പക്കൽ (എങ്കൽ) നിന്നും നീ അകറ്റി. അവർക്ക് എന്നെ മ്ലേച്ഛനാക്കി. ഞാൻ പുറപ്പെടാതെ തടയപ്പെട്ടു**

ഇന്നേദിവസം- കല്ലറ പട്ടാളം കാത്താർ സൂക്ഷ്മതയോടെ
പാതാള സാക്ഷതകർത്താൻ- വീരൻകർത്തൻ

കുറിയേലായിസോൻ

**എന്റെ താഴ്മയാൽ എന്റെ കണ്ണ് ഒഴുകി. കർത്താവേ! നിത്യവും ഞാൻ നിന്നെ വിളിച്ച് എന്റെ കൈ നിങ്കലേക്കുയർത്തി**

ബാറെക്മോർ, **ശുബാഹൊ...മെൻഓലം...**

ഇന്നേദിവസം- പാവന തിരുസഭ തോപ്പിച്ചും-
സ്തോത്രം പാടി
തിരമെയ്രുധിരം തന്നവനാം ആദ്യജൻ പേർക്ക്

**ആമ്മീൻ**

**പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി**

## എന്യോനൊ

### (എൻ നാഥാ നിൻ കൃപ എന്ന രീതി)

മൃതരിടയിൽ പരനാഗതനായ്- കൃപയൊടു ദർശിച്ചാനവരെ
ശാശ്വത ജീവനുമുത്ഥാനം അവരൊടു വാഗ്ദത്തം ചെയ്തു

ഞങ്ങളുടെ പക്കൽ കല്ലറയിൽ - ആഗതനായോൻ രക്ഷകനായ്
നയവാന്മാരവരുടെ ഗേഹേ-സ്തുതിയാലാപിച്ചീദിവസം

സ്വതന്ത്ര്യപരൻ മൃതർകൂടെ- കല്ലറയിൽ ദേവാത്മജനും
മൃതിയാൽ നിൻ സൂതരെ വീണ്ടും-പരനെ സ്തുതി ചെയ് തിരുസഭയെ

രക്ഷാകരനീശോ! മൂലം -മൃതരായോർ ജീവൻനേടി
ദൈവാത്മജനാൽ തോഷിച്ചും-തൻ കൃപയെ സ്തോത്രം
ചെയ്തു.

മൃതരെ തൻഗർജ്ജനമിളക്കി-തങ്ങടെയധികാരം പോക്കും
ഉയിരാമുടയോനെക്കണ്ട-മൃതി സാത്താന്മാർ വിറപൂണ്ടു
ബാറെക്മോർ. **ശൂബ്ഹൊ.. മെൻഓലം..**

ഉയിർ ദാതാവിങ്ങാഗതനായ്-മൃതരെ നിങ്ങടെ തലപൊക്കിൻ
നിങ്ങടെ മുഖമതിൻപൊടി നീക്കി-പ്രഭയും
കാന്തിയുമണിയിക്കും. കുറിയേലായിസോൻ

**ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ**

## എന്യോനൊ

**(മോ ദോ സേ ആത്ത്... എന്ന രീതി)**

നിൻ മാതാവാം- കന്യക മറിയാമിനെ നിന്റെ
മോക്ഷേസിദ്ധന്മാർ മേലായ്- ചേർക്കുമ്പോൾ
ഓർക്കെങ്ങളെ നാഥാ!

ഇന്നേദിവസം - കർത്തൻ പാതാളെ ചേർന്നു
ഗർജ്ജിച്ചടിവാരമിളക്കി-മൃതരെയുയർത്തി
ഓർക്കെങ്ങളെ നാഥാ!

ഇന്നേദിവസം - തീയാം വാനോർക്കുയരത്തിൽ
ഭീകരനായോൻ മൃതരിടയിൽ- വന്നു കിടന്നാൻ
ഓർക്കെങ്ങളെ നാഥാ!

ഇന്നേ ദിവസം- ഉടയോൻ തന്നെ കണ്ടതിനാൽ
നരമൂലമതായോനാദാം-സമ്മോദിച്ചു
ഓർക്കെങ്ങളെ നാഥാ!

ഇന്നേ ദിവസം - പാതാളത്തുദയം ചെയ്ത
ദീപംകണ്ടൊരു സിദ്ധന്മാർ- ശീർഷമുയർത്തി
ഓർക്കെങ്ങളെ നാഥാ!
ബാറെക്മോർ. ശൂബ്ഹൊ.. മെൻഓലം

ഇന്നേ ദിവസം- ഉയിരേകുന്നോൻ വന്നതിനാൽ
പരിഭ്രമമുളവായ് പാതാളെ അടിസ്ഥാനമിളകി
ഓർക്കെങ്ങളെ നാഥാ!

സ്തൗമെൻകാലോസ് കുറിയേലായിസേൻ

## പ്രുമിയോൻ- സെദ്റൊ

## കോലോകൾ

**(ബ് ഹൗസപറോക് റാബോ... എന്ന രീതി)**

ഇന്നുഷസ്സിൽ ഭോഷർ ആരവമുളവാക്കി
നീചർ സംഘത്തിൽ ചതിയാലോചിച്ചു
നയവാൻ തൻ കൊലയിൽ നിണമതിവന്നില്ല-
നറുനിണമതുചോർത്തി ശാന്തത വന്നില്ല
ഹാലേലൂയ്യ
നിതിയിലവരെ- ധ്വംസിച്ചോൻ വന്ദ്യൻ

**ബാറെക്മോർ. ശുബ്ഹൊ...**

ഈദിനമുഷസ്സിങ്കൽ- ധന്യൻ മൃതിപൂണ്ടോർ
ഉലകിൻ- പരിപാലക- നവർ-ചാരേവന്നു
ഉയിരെടുത്ഥാനം - വിളിചെയ്തറിയിച്ചാൻ
ശീർഷമവർ പൊക്കി - സ്തുതിപാടി ചൊന്നാർ
ഹാലേലൂയ്യ
പുനരുത്ഥാനം പ്രതിവന്നപരൻ വന്ദ്യൻ

## (അല്ലെങ്കിൽ)

## കോലോകൾ

1. ഇന്നേദിവസം പ്രഭാതത്തിൽ/ ഭോഷന്മാർ ആരവം ഉണ്ടാക്കി. അന്യായ സംഘത്തിൽ രഹസ്യം ആലോചിച്ചു. നീതിമാൻ കൊലയേറ്റ് കബറട ക്കപ്പെട്ടിരിക്കുന്നു. അവൻ ചിന്തിയതായ നീതിയുള്ള രക്തത്തിൽനിന്നും അവ സംതൃപ്തരാകാതെയും / ശാന്തി അനുഭവിക്കാതെയും ഇരിക്കു ന്നു. അവരുടെ ഓർമ്മ നീതിയോടെ നശിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാ കുന്നു.

ബാറെക്മോർ **ശൂബ്ഹൊ..മെൻഓലം...**

2. ഇന്നേദിവസം പ്രഭാതത്തിൽ മരിച്ചവർക്കും ഭാഗ്യം ലോകരക്ഷകൻ അവ രുടെ അടുക്കൽ ചെന്ന് അവരെ വിളിച്ച് / ജീവനും ഉയുർപ്പും അവ രോടു സുവിശേഷിച്ചു. 'ഞങ്ങളുടെ പുനരുത്ഥാനത്തിനായി ഇറങ്ങി വന്ന ജീവനുള്ളവൻ/ വാഴ്ത്തപ്പെട്ടവനാകുന്നു' എന്ന് അവർ തലയുയർത്തി പാടി. മൊറിയോറാഹേം....

## എത്രോ

## കോലോകൾ

### (തഹർ ഗബ്രിയേൽ... എന്ന രീതി)

ഈ ദിവസത്തിൽ - സ്വാതന്ത്ര്യൻ കബറുൾച്ചേർന്നാൻ-
ഹിതമെടുതാതേ സ്വയമേ താഴ്ത്തി- ആക്ഷേപിപ്പാൻ യൂദന്മാർ
കല്ലറ കാപ്പാനായ് കാവലുമിട്ടാർ- ഭൂവാനങ്ങളിലപരിമിതൻ
ഹിതമൊടു കബറിൽ ബന്ധിതനായ്- സ്തുത്യംതൻ വിനയം
മൃതരിൽ മൃതയാലുയിരേകി ആദത്തേയും
സുതരേയും വാനവലോകെ കൈക്കൊണ്ടാൻ

**ബാറെക്മോർ. ശുബ്ഹൊ..**

ഈ ദിവസത്തിൽ- സൃഷ്ടികളഖിലം- നിർമ്മിച്ചോൻ
സർവേശൻ വിശ്രമമാർന്നാൻ തൻ ജാത-ൻ കല്ലറപൂകി
മൃതരിടയിൽ മൗനം കാത്തും പാർത്താൽ- തന്നാടകൾ ഭാഗിച്ചു ജനം
തന്തിരുമെയ്‌വാങ്ങുക സഭയെ! മാത്സരിയാം സീയോൻ
കുരിശിച്ചതിനാലടിപെട്ടാൾ- കുരിശതു മാനിച്ചൊരു സഭ നിൻ-
വലഭാഗേയധുനാ-സ്ഥിതമാം

## (അല്ലെങ്കിൽ)

## വീണ്ടും കോലോകൾ

1. ഇന്നേദിവസം/മരിച്ചവരുടെ ഇടയിൽ സ്വതന്ത്രൻ കിടന്നു. താൻ മനസ്സോടെ സ്വയം താഴ്ത്തി. യൂദന്മാർ തന്റെ കബറിനെ സൂക്ഷിപ്പാൻ കാവൽക്കാരനെ നിശ്ചയിച്ചു. ആകാശവും ഭൂമിയും തന്നാൽ നിറയപ്പെട്ടിരിക്കവെ/കബർ തന്നെ വഹിച്ചു. തന്റെ താഴ്മയ്ക്കു സ്തുതി. തന്റെ മരണത്താൽ മരിച്ചവനെ ജീവിപ്പിക്കുകയും/ആദാമിനെയും അവന്റെ മക്കളെയും ഉയർത്തി / സ്വർഗ്ഗത്തിലേക്കു കരേറ്റുകയും ചെയ്തു.

   **ബാറെക്മോർ. ശൂബ്ഹൊ...മെൻഓലം...**

2. ഇന്നേദിവസം/ദൈവം സൃഷ്ടികളെ സൃഷ്ടിച്ചു കഴിഞ്ഞു വിശ്രമിച്ചു. ഇന്ന് രാജാവ് പാതാളത്തിലേക്ക് ഇറങ്ങി. ജീവനുള്ളവൻ മരിച്ചവരുടെ ഇടയിൽ ശാന്തനായിരുന്നു. സെഹിയോനിൽ തന്റെ വസ്ത്രങ്ങളെ വിഭജിച്ചു. സഭയെ നീ അടുത്തുചെന്ന് അവന്റെ ശരീരത്തെ സ്വീകരിക്കുക. മത്സരത്തോടെ തന്നെ കുരിശച്ചവളുടെ അടിസ്ഥാനങ്ങൾ താൻ ഉന്മൂലനം ചെയ്തു. സ്ലീബായിൽ ഏറ്റുപറഞ്ഞതിനെ/വലതു ഭാഗത്ത് ഇതാ നട്ടിരിക്കുന്നു. മൊറിയോറാഹേം....

## ബോത്തെദ്ഹാശോ

മരണം കൊണ്ടൊരു- പുത്രൻ സ്തൂത്യൻ
നാശം കാണാ- പുണ്യൻ വന്ദ്യൻ

1. ഗോഗൂൽത്തായിൽ- ഓടിച്ചെന്നും
   സങ്കേതപ്പെ-ട്ടത്ഭുതമാർന്നേൻ
   എന്തുഭവിച്ചോ; മമഹൃദിയുരുകി
   കരയുന്നോരാം - മാതാമറിയാം
   തൻസോദരിയും - സ്ത്രീകളെ കണ്ടേൻ

2. സ്വനമെന്തെന്നായ് - കേൾപ്പാൻ ചെന്ന്
   അത്ഭുതമോടെ - സൂക്ഷിക്കുമ്പോൾ
   കരയുന്നോരാ; സ്ത്രീകളെ കണ്ടേൻ
   ഏകജപരനായ് - കദനഭാരാൽ-
   കരളലിയിക്കും - മാഴകൽ കേട്ടേൻ

3. തരുവിന്നഗ്രേ- ബലിയായീടാൻ
   സുതനേത്തന്ന- ജനകന് സ്തുത്യൻ
   ഹിതമൊടുമൃതനായ് ; പരിമളലിപ്തൻ
   കല്ലറപൂക്കോൻ-പുത്രൻ-മർമ്മ
   മതരിയും റൂഹാ! പൂജ്യൻ     മൊറിയോ....

## മോർ യാക്കോബിന്റെ ബോവൂസൊ

ദൈവസൂതൻ തൻ നാദാൽ മൃതരെ പൂഴിന്നേറ്റും
ഉത്ഥാനദിനെ ഭാസുരവസ്ത്രം ചാർത്തിടുമവരിൽ
ഈശോ!...

പാതാളത്തിൽ നാശകനെ വിധിചെയ്താനീശോ!
നാശം പൂണ്ടോനാദം പ്രതിയായ് പകരം ചെയ്താൻ
സ്രഷ്ടാ! തന്നുടെ മഹതാ രൂപം ജീർണിച്ചതിനാൽ
അവനൂയിരേകാൻ പാതാളത്തിൽ പോയാൻ കർത്തൻ
ഈശോ!...

ശപ്തജനം തൻ ചിതറിപ്പോക്കിൽ നിൻ ദ്യുതികണ്ടും
മാനവരെല്ലാം കർത്താ! നിന്നെ സ്തൂതി ചെയ്യുന്നു
പൊടിയിൽ നിന്നങ്ങേറ്റിയ മൃതർ നിൻ നാമം വാഴ്ത്തും
സ്തൂതി താതനും റൂഹായ്ക്കും കൃപ ഞങ്ങൾക്കും
ഈശോ!...

## ഏവൻഗേലിയോൻ

### പ്രഭാതസ്തൂതിപ്പ്

കരുണയുള്ള ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ/ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ/ കുർബാനകളിലും നമസ്ക്കാരങ്ങളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗരാജ്യത്തിൽ/ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ/ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും./ കർത്താവേ കൃപചെയ്തു സഹായിക്കണമേ.

**ഹാശായുടെ കൗമാ**

കബറാൽ കബറിൻ നാശം നീ,ക്കിയ മ്ശീഹാ!
മൃതിയെ ജീവിപ്പിച്ചുയിരേറ്റുക മൃതരെ. (മൂന്നുപ്രാവശ്യം)

നാഥാ തേ സ്തുതിയും...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..ഇതാദി

## ദുഃഖശനിയാഴ്ച മൂന്നാം മണി

ഹാശായുടെ കൗമാ

മശീഹാദബക്ബൂർത്തൊശ്രൊഹൊബോലെദ്കബറെ
ആഹോ മീസൂസാൻ നാഹേം ലക്ബീറൈൻ

(മലയാളം)

കബറാൽ കബറിൻ നാശം നീ, ക്കിയ മ്ശീഹാ!
മൃതിയെ ജീവിപ്പിച്ചുയിരേ,റ്റുക മൃതരെ (മൂന്നുപ്രാവശ്യം)
നാഥാ തേ സ്തുതിയും...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..ഇതാദി
ദൈവമേ! നിന്ഡറെ കൃപയിൻപ്രകാരം.....

## എന്യോനൊ

### (എമ്മൊദ്കീസോ.... എന്ന രീതി)

1. പാതാളത്തിൽ-പോയ് മൃതിയെ വെന്ന
   ഞങ്ങടെ ശിക്ഷ-തീർപ്പതു മായി-ച്ചോൻനാഥാ...
2. മൃതനെപ്പോലെ- കബറിൽ ബന്ധിതനായ്
   ദൈവംപോലെ- മൃതരിലുയിർ ചേർത്തോൻ നാഥാ!....

3. പാതാളത്തിൽ-ചെന്നഥ നിദ്രിതരെ
സ്നേഹം മൂലം ബഹുമാനിച്ചോ-നെ നാഥാ!....
ബാറെക്മോർ. ശൂബ്ഹൊ...

4. മൃതി പാതാളം-നാശമിവയ്ക്കെല്ലാം
നിജമൃതിപാരം-സംഹാരത്തി-ന്നായ് ഈശോ!....
സ്തൗമെൻകാലോസ്, കൂറിയോലായിസോൻ

**പ്രൂമിയോൻ - സെദ്റൊ**

## കോലോകൾ

**(ദൈവത്തിന്റെ പുത്രനെ മറിയാം..... എന്ന രീതി)**

3. ഉയിരുന്നുടയോൻ ബന്ധിതനാ മൃതരിടയിൽ
നമ്മുടെ രക്ഷയ്ക്കീശസുതൻ കല്ലറയിൽ പൂക്കാൻ
നമ്മെ പ്രതി മഹതാമുയരം ചായിച്ചും
മൃതരായോർക്കുയിരേകാൻ താൻ -കുരിശിൽ പാടേറ്റു
മൃതി പൂണ്ടോ-രെല്ലാം ബോധിച്ചു
സസ്നേഹം കല്ലറയിൽ വന്നു
അമ്പൊടു സന്ദർശിച്ചവനായ് മൃതരും സ്തുതി പാട്
ബാറെക്മോർ. **ശുബ്ഹൊ...**

2. മശിഹാ! നാഥൻ മൃതരടയിൽ പാതാളേ
നിന്നവനെ കിന്നരമേന്തി സ്തുതിപാടുക ദാവീദ്
നിൻ പ്രവചനമിന്നർത്ഥമതായാത്മികനേ
മശിഹാ! മൃതരിടയിൽപോയ് സന്ദർശിച്ചാദത്തെ
ജീവേശൻ- മൃതരിടയിൽ ചേർന്നോൻ
സ്വതന്ത്രൻ - പാ- താളത്തിൽ പാർത്തു
സദയം കൃപ ചെയ്തതിനായ് സ്തുതിയവനും താതന്നും

## (അല്ലെങ്കിൽ)

## കോലോകൾ

1. മരിച്ചവരുടെയിടയിൽ ജീവനുള്ളവൻ ബന്ധിക്കപ്പെട്ടു. നമ്മുടെ രക്ഷയ്ക്കായി ദൈവപുത്രൻ കബറിനുള്ളിൽ സ്ഥിതി ചെയ്തു. നമുക്കു വേണ്ടി തന്റെ ശ്രേഷ്ഠതയെ താഴ്ത്തി/ മരണമുള്ളവരെ ജീവിപ്പിക്കേണ്ടതിനു സ്ലീബായുടെ കഷ്ടതകൾ സഹിച്ചു. എല്ലാ മരിച്ചവരും ആശ്വാസം പ്രാപിച്ചു. സ്നേഹത്തോടെ കബറിനുള്ളിൽ ഇറങ്ങി അവരെ സന്ദർശിച്ചവന്/ അവർ ഉണർന്നെഴുന്നേറ്റു സ്തുതി പാടി.
ബാറെക്മോർ. **ശുബ്ഹൊ....മെനഓലം...**

2. മശിഹാ പാതാളത്തിൽ മരിച്ചവരുടെയിടയിൽ കിടന്നു. ദാവീദേ നീ എഴുന്നേറ്റ് നിന്റെ കിന്നരമെടുത്തുകൊണ്ടു സ്തുതി പാടുക. കണ്ടാലും നിന്റെ പ്രവചനം നിവർത്തിയിരിക്കുന്നു. മശിഹാ ജനിച്ചവരുടെയിടയിലേക്ക് ഇറങ്ങിച്ചെന്ന് / ആദാമിനെ സന്ദർശിച്ചു. ജീവനുള്ളവൻ മരിച്ചവരുടെയിടയിൽ പാതാളത്തിനുള്ളിൽ കിടന്നു. നമ്മോടു കരുണ ചെയ്തു. തനിക്കും തന്റെ പിതാവും സ്തുതി.

## ബോത്തെദ്ഹാശോ

**(ഹബ്ലൻ മോറാൻ... എന്ന രീതി)**

**മരണം കൊണ്ടൊരു പുത്രൻ സ്തുത്യൻ**
**നാശം കാണാ പുണ്യൻ വന്ദ്യൻ**

1. മൃതർ തൻ പക്കൽ ചെന്നങ്ങവരെ
സന്ദർശിച്ച് തോപ്പവകാശി
സർവേശൻ തൻ: നന്ദനപരനായ്
ഇന്നേദിവസം ധൈര്യസമേതം
സിദ്ധർ കബറിൽ സ്തോത്രം പാടി

2. ആദാം ഹാബേൽ ഇസഹാക്ക് യാക്കൂബ്
യോശുവാ മൂശേ ശമൂവേൽ ദാവീദ്
തൊട്ടവരെല്ലാം: നിബിയന്മാർ തൻ
അസ്ഥികളിന്മേൽ- നിന്നാഗമനേ
താവക ദീപ്തി ഉദയം ചെയ്തു

3. നിത്യേകപരൻ - ആടുകൾ പേർക്കായ്
കുരിശതിലേറാൻ ആഗതനായാൻ
ആടിനുവേണ്ടി: കല്ലറ പൂക്കാൻ
നൽകുന്നതുതേ- സ്തോത്ര കിരീടം
ജനകനു മാത്മനുവന്ദന ചെയ്വൂ    മൊറിയോ.....

## മോർ ബാലായിയുടെ ബോവൂസൊ

**(ഹാശായിലടിയാരുടെ പിഴ തീർത്തോൻ... എന്ന രീതി)**

തൻ മൃതിയാലിവരെ രക്ഷിച്ചോൻ മശിഹാ
പ്രാർത്ഥന കൈക്കൊണ്ടു- കാരുണ്യം ചെയ്ക
ബലമുടയോൻ കർത്തൻ- വന്നിട്ടവരേയും
സുതരേയും കൃപയാൽ- മോലോട്ടേറ്റുകയാൽ
ഹാവായാദന്മാർ- ഇന്നാൾ മോദിപ്പു
സുതനേ തന്നോനാം- ജനകൻ സംസ്തുത്യൻ

മൃതരേ പൊയ്കണ്ട-നന്ദനനും വന്ദ്യൻ
സൃഷ്ടികളഖിലത്താൽ - റൂഹായും പൂജ്യൻ
വാനോർ തൻ നാഥാ! ഭൗമികരാശ്രയമേ!
കൈക്കൊണ്ടീ കർമ്മം- കാരുണ്യം ചെയ്ക

ഹാശായുടെ കൗമ
നാഥാ തേ സ്തുതിയും
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

# ദുഃഖശനി ഉച്ച

ഹാശായുടെ കൗമ
നാഥാ തേ സ്തുതിയും
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം

## എന്യോനൊ

**(ഹൗദുഉഹദോനോ... എന്ന രീതി)**

1. പാതാളെ ചെന്നിട്ടുയിരിൽ മാഞ്ഞും
   മൃതർ തന്നസ്ഥികളിൽ തൂകി
   സുഖമേകിയ മശിഹാ! ദേവാ!
   സവിധേ ചേർന്നെൻ കൃപ ചെയ്യണമെ

2, കല്ലറയിൽ ചെന്നു- തന്നേക്കാണ്മാൻ
   പാർത്തോർ സത്തമരിൽ മോദം
   ചേർത്തോനെ മശിഹാ! ദേവാ!
   സവിധേ ചേർന്നെൻ കൃപ ചെയ്യണമെ

3. നരനെന്നതുപോൽ ഞങ്ങൾ മൂലം
   തരുവിലേറ്റൊരു മരണത്താൽ
   മൃതിവെന്നോരു മശിഹാ! ദേവാ!
   സവിധേ ചേർന്നെൻ കൃപ ചെയ്യണമെ

4. ദാസ്യമതിൽ നിന്നും-നരരക്ഷാർത്ഥം
   ആദത്തെ പ്രതി സ്നേഹത്താൽ
   കുഴി പൂകിയ മശിഹാ! ദേവാ!
   സവിധേ ചേർന്നെൻ കൃപ ചെയ്യണമെ

5. മൃതിയാൽ ജീവൻ -പാപികൾക്കേകി
ട്ടെങ്ങടെ കുലമതിനായ് ശരണം
ചേർത്തോനെ മശിഹാ! ദേവാ!
സവിധേ ചേർന്നെൻ കൃപ ചെയ്യണമെ

സ്തൗമെൻകാലോസ്, കൂറിയേലായിസോൻ.

## പ്രുമിയോൻ- സെദ്റൊ കോലോകൾ

**(ദൈവം സൃഷ്ടിച്ചാൽ.... എന്ന രീതി)**

ആദത്തെ പുതിയവനാക്കാൻ-സദയം വന്നവരുടെ പേർക്കായ്
താതൻ തൻ മഹതാംദേശേ- വാനിതലവനെ കരയേറ്റി
മരണംബലമായ് ബന്ധിച്ച- ബന്ധിതരെ മോചിപ്പിച്ചാൻ
കല്ലറ ചേർന്നോർക്കായ് - ധൈര്യവുമാശയുമുളവാക്കി.

ബാറെക്മോർ. ശുബ്ഹൊ..

പാതാളത്തിൽ നിദ്രിതരിൽ - ശോഭിച്ചിന്നൊരുപ്രത്യാശ
ദ്യുതി ദാസിച്ചവരുടെ പക്കൽ- പാപത്തെമനസ്സതിനാൽ മറഞ്ഞു
ആഗതനായ് മൃതരുടെ ദേഹം- കൊതിയൻ മൃതി ചേറ്റിൽനിന്നും
ഏറ്റീയൊരീശനായ് - സ്തുതിയാരംഭിച്ചാർ പാടാൻ.

**(അല്ലെങ്കിൽ)**

## കോലോകൾ

1. സ്രഷ്ടാവായ ദൈവം/ ആദാമിനെ പുതുക്കുവാൻ/ അവന്റെ അടുക്കൽ ദയവോടെ പ്രവേശിച്ചു. തന്നോടൊന്നിച്ച് സ്വർഗത്തിലേക്ക് അവനെ കരേറ്റി. തന്റെ പിതാവിന്റെ മഹത്വസ്ഥലത്ത് അവനെ വസിപ്പിച്ചു. മരണം ബന്ധിച്ചിരുന്ന ബന്ധിതനെ താൻ പുറത്താക്കി. കബറടക്കപ്പെട്ടവർക്കു ധൈര്യവും നല്ല പ്രത്യാശയും താൻ നൽകി.

ബാറെക്മോർ. **ശുബ്ഹൊ...മെനഒാലം..**

2. പാതാളത്തിന്റെ മടിയിൽ നിദ്ര പ്രാപിച്ചവർക്ക്/ ഇന്നേദിവസം പ്രത്യാശയുണ്ടായി. അവരിൽനിന്ന് അവർക്ക് പ്രകാശം ഉദിക്കുകയും/പാപാന്ധകാരം നീങ്ങിപ്പോകുകയും ചെയ്തു. അവരുടെ അടുക്കൽ ഇറങ്ങിച്ചെന്നവനു അവർ സ്തുതി പാടി. അത്യാഗ്രഹിയായ മരണത്തിന്റെ അധീനതയിൽനിന്ന്/ അവരുടെ ശരീരങ്ങളെ താൻ ജീവിപ്പിച്ചു.

മൊറിയോറാഹേം.....

## ബോത്തെദ്ഹാശോ

**മരണംകൊണ്ടേൻ - പുത്രൻ സ്തുത്യൻ**
**നാശം കാണാ- പുണ്യൻ വന്ദ്യൻ**

1. പരിശുദ്ധ സഭ- ആനന്ദിക്കും
സമ്മേളിതരാം-സംഘവുമെല്ലാ
    വാകളിൽ നിന്നും: സ്തുതിയാർത്തീടും
സൂതവധ മൂലം രക്ഷിതനാദം
പറുദീസായിൽ സ്ഥാപിതനായാൻ

2. ഏക സുതേശൻ തൻ ദൃഷ്ടാന്തം
ഇന്നേ ദിവസം അർത്ഥമതായി
    പരിശുദ്ധ സഭാ! സുതരുടെ വായാൽ
മംഗള ശാന്തി! കടപരിഹാരം
ജാതർക്കായതും യാചിക്കുന്നു.

3. ഉലകിൽനിന്നും സ്തുതി സ്വതഘോഷം
വായ്പകൾ മൂലം നിങ്കൽ ചേരും
    ഉപമയിൽ സിദ്ധർ: മർമ്മാൽ നബിയർ
ദൃഷ്ടാന്തത്തിൽ- താതന്മാരും
ഇവർതൻ വായിൽനിന്നും സ്തുതിതേ

നിൻവിധചെയ്തോർ - വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ- ഞങ്ങളെയീശാ.  മൊറിയൊ...

## മോർ യാക്കോബിന്റെ ബോവൂസൊ

ദേവസൂതൻ തൻനാദാൽ മൃതരെ പൂഴീന്നേറ്റും
ഉത്ഥാനദിനേ ഭാസുരവസ്ത്രം ചാർത്തീടുമവരിൽ
ഈശാ!...

യോനയെ മത്സ്യം അതുപോൽ സുതനെമൃതിയും വിഴുങ്ങി
മൂന്നാം നാളിൽ നാശം കാണാതുത്ഥിതനായാൻ
മൂന്നാൾ പാതാളത്തിൽ ജഡരെ ഉയിരൊടുപാർത്താൻ
പുനരുത്ഥാന വീറൊടു വിജയാൽ പുറമെ വന്നു.
ഈശാ!....

വാനോർ പാടും സ്തുതിയെ വിട്ടിഹ ഹാസ്യമതായി
ട്ടാദാം തന്നെ സന്ദർശിച്ചൊരു നല്ലോൻ വന്ദ്യൻ
വിണ്ണോരതുപോൽ മണ്ണോർ താനും നിൻ സ്തുതിയാർക്കും
നിജരൂപമതിൽ രക്ഷയ്ക്കാഗതകർത്താ! സ്തുതിതേ

ഈശാ!...

## ഹാശായുടെ കൗമാ (പേജ്)

നാഥാ തേ സ്തുതിയും .. (പേജ് 114)
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

മ്ശിഹാദബക്ബൂർത്തൊാശ്രോഹൊാബോലെദ്കബറെ
ആഹോ മീസൂസാൻ നാഹേം ലക്ബീറൈൻ

**(മലയാളം)**

കബറാൽ കബറിൻ നാം നീ,ക്കീയ മ്ശീഹാ!
മൃതിയെ ജീവിപ്പിച്ചുയിരേറ്റുക മൃതരെ, (മൂന്നുപ്രാവശ്യം)
നാഥാ തേ സ്തുതിയും..... (പേജ് 2)
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി
ദൈവമേ! നിന്റെ കൃപയിൻപ്രകാരം ... (പേജ് 5)

## എന്യോനൊ

**(ലോത്തേലെദീനോ... എന്ന രീതി)**

1. ഇന്നാൾ കല്ലറയിൽ ചാരിക്കിടന്നീശൻ
   ആദത്തെ കുഴിയിൽ നിന്നൂയിരോടേറ്റി

2. ഞങ്ങൾക്കായ് കഷ്ടത- പൂണ്ടോൻ സുതദേഹം
   വാങ്ങിയ യൗസേഫേ! നീയേറ്റം ധന്യൻ

3. കേത്താനാത്തുണിയിൽ - കർത്തനെ നീ ചുറ്റി
   പുതിയൊരു കല്ലറയിൽ-മൃതനെ പോൽ വച്ചു.

4. യേശുവെ കുരിശിച്ച യൂദർ ക്ഷീണിതരായ്
   യൗസേഫാമോദാൽ -തൻ മെയ് സംസ്ക്കരിച്ചു.
   ബാറെക് മോർ. **ശുബ്ഹൊ...മെൻഓലം...**

5. മംഗള ശാന്തികളെ-നൽകുക രക്ഷകനെ
   നിൻ കാരുണ്യത്താൽ-പിഴ മോചിക്കണമെ.

സ്തൗമെൻകാലോസ്, കൂറിയേലായിസോൻ

# പ്രുമിയോൻ - സെദ്റൊ

## കോലോകൾ

### (ഹബിലല ഈതോക്ക് .....എന്ന രീതി)

ഭ്രാന്തർ തരുവിന്മേൽ -തൂക്കിക്കൊന്നൊരു ദിവസത്തിൽ
രക്ഷകപാർശ്വേനിന്നും മധുവൊഴുകി
രക്ഷിതജാതിക്കാർ- കൊണ്ടതിനാൽ കടപരിഹാരം
എന്നാൽ യൂദർ കുറ്റക്കാരായാൽ
ബാറെക്മോർ. ശബഹ്ഹൊ....

ഞങ്ങടെ രക്ഷയ്ക്കായി- നീ കൊണ്ടൊരു വിനയംമൂലം-
നരരും സുരരും-സ്തുതിജനകനു ചെയ്‌വൂ
ക്രൂശിൽ മരണത്തെ-ഞങ്ങൾ പ്രതിയായ് നീയേറ്റു
ഉയിരിഹെ നൽകാൻ - പാതാളം പൂകി

## (അല്ലെങ്കിൽ)

## കോലോകൾ

1. ഇന്നേ ദിവസം/ സ്വതന്ത്രനായവൻ മരിച്ചവരുചെ ഇടയിൽ കിടന്നു. തിരുവിഷ്ടത്താൽ താൻ സ്വയം താഴത്തി . യൂദന്മാർ തന്റെ കബറിനെ കാക്കുവാൻ/പരിഹാസത്തോടെ കാവൽക്കാരെയാക്കി. ആകാശവും ഭൂമിയും തന്നാൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. തിരുവിഷ്ടത്താൽ കബർ തന്നെ വഹിച്ചു. തന്റെ താഴമക്കു സ്തുതി.

   ബാറെക്മോർ. **ശുബഹൊ.. മെനഗാലം...**

2. ഇന്നേദിവസം/ സർവശക്തനായ ദൈവം സൃഷ്ടികളെ സൃഷ്ടിച്ചു കഴിഞ്ഞ് വിശ്രമിച്ചു. ഇന്ന് രാജാവ് പാതാളത്തിലേക്ക് ഇറങ്ങി. ജീവനുള്ളവൻ മരിച്ചവരുടെയിടയിൽ ശാന്തനായിരുന്നു. സെഹിയോനിൽ തന്റെ വസ്ത്രങ്ങളെ വിഭജിച്ചു. സഭയേ! നീ അടുത്തുചെന്ന് അവന്റെ ശരീരം സ്വീകരിക്കുക. മത്സരത്തോടെ തന്നെ കുരിശച്ചവരുടെ അടിസ്ഥാനങ്ങൾ /താൻ ഉന്മൂലനം ചെയ്തു. സ്ലീബായിൽ ഏറ്റുപറഞ്ഞ നിന്നെ/വലത്തു ഭാഗത്ത് ഇതാ നട്ടിരിക്കുന്നു.

മൊറിയോറാഹേം...

## ബോത്തെദ്ഹാശോ

### (മോ ദോ സേ ആത്ത്... എന്ന രീതി)

**മരണം കൊണ്ടോൻ പുത്രൻ സ്തുത്യൻ**
**നാശം കാണാപുണ്യൻ വന്ദ്യൻ**

1. തന്നൂഷ്മയിലും ലോകത്തോടും
അഗ്ന്യാത്മീയ സേനകളോടും
കനിയും പുത്രഃവസ്തരമാസം
ക്രമമായ് വച്ച-നിൻ സ്തുതി പാടാൻ
ഭൂനന്മകളെ-വർദ്ധിപ്പിക്ക

2. അഖിലത്തിനും അധിനൃപനാഥൻ
ഭൂവാനങ്ങൾ-ക്കുടയോൻ കർത്താ!
മംഗളശാന്തി വർദ്ധിപ്പിക്ക
വിശ്വാസത്തിൽ- നിന്നെ വാഴ്ത്താൻ
ബലമെങ്ങൾക്കും നൽകുക രാജ

3. മാതാവിന്നും നിബിയർ ശ്ലീഹർ
സഹദേന്മാരും സിദ്ധന്മാർക്കും
ഓർമ്മ വളർത്തിട്ടേവരോടൊപ്പം!
മൃതി ചേർന്നും തേ, നോക്കിപ്പാർക്കും
പ്രത്യാശ ധരർക്കേകുക മുക്തി

**നിൻവിധിചെയ്തോർ-വിധിയേൽക്കുമ്പോൾ**
**വിധിചെയ്യരുതേ- ഞങ്ങളെയീശാ.** മൊറിയൊ....

## മോർ അപ്രേമിന്റെ ബോവൂസൊ

മൃതിയാൽ ഞങ്ങളെ വീണ്ടോനാം
സുതദേവാ! കൃപ ചെയ്യണമെ ഈശാ!.....

നിങ്ങളെ വീണ്ടൊരു സ്ലീബായെ
വന്നുവണങ്ങിൻ വന്ദികളെ
നിങ്ങൾക്കായ് മൃതമണവാളൻ
തൻസ്തുതി നാവാൽ പാടിടുവിൻ ഈശാ!.....

ഞങ്ങൾക്കായ് മൃതിചേർന്നപരാ!
സ്തുതിയങ്ങും കൃപയെങ്ങൾക്കും

ഉലകമതിലും പരലോകത്തും
രണ്ടിലുമിവരിൽ ദയചെയ്ക ഈശോ!.....

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാസായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ഈശോ!.....

## പഴയനിയമവായനകൾ, വിശുദ്ധ കുർബാന

## വി.കുർബാനയുടെ കൗമാ

മൃതിയാലടിയാരുടെ മൃതിപോക്കിയ മിശിഹാ!
മൃതരായോർക്കുയിരും ഞങ്ങൾക്കരുൾകൃപയും
(മൂന്നുപ്രാവശ്യം)

നാഥാ തേ സ്തുതിതിയും..
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.. ഇത്യാദി

***************